ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.09.2025** **TIME: 07.25 PM**

## പ്രധാന വാർത്തകൾ

1. കംബൈൻഡ് കമാൻഡേഴ്സ് കോൺഫറൻസിൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി കൊൽക്കത്തയിൽ നിർവഹിച്ചു. ബിഹാറിൽ 40,000 കോടി രൂപയുടെ വികസന പദ്ധതികൾക്കും തുടക്കം കുറിച്ചു.

   **Prime Minister Narendra Modi inaugurated the Combined Commanders' Conference in Kolkata. Development projects worth Rs 40,000 crore were also launched in Bihar.**
2. ഇന്ത്യ ഉടൻ നക്സലിസത്തിൽ നിന്ന് മുക്തി നേടുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ.

   **Union Home Minister Amit Shah said that India will soon get rid of Naxalism.**
3. കേന്ദ്രസർക്കാരിന്റെ ഈ വർഷത്തെ സ്വച്ഛതാ ഹി സേവ കാമ്പയിന് മറ്റന്നാൾ തുടക്കമാകും.

   **The central government's Swachhta Hi Seva campaign for this year will start the day after tomorrow**
4. വികസനത്തെ പിന്തുണയ്ക്കുന്നതിന് രാജ്യത്തെ എല്ലാ ജില്ലകളിലും എഐ അധിഷ്ഠിത സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണമെന്ന് കേന്ദ്രമന്ത്രി നിർമ്മലാ സീതാരാമൻ.

**Union Minister Nirmala Sitharaman wants to utilize AI-based technologies in all districts of the country to support development.**

5. **പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് തുടക്കമായി.**

   **The 14th session of the 15th Kerala Legislative Assembly has begun.**

6. **ഏഷ്യാ കപ്പ് ക്രിക്കറ്റിൽ യുഎഇക്കെതിരെ ഒമാന് 173 റൺസ് വിജയലക്ഷ്യം. ശ്രീലങ്ക- ഹോങ്കോങ് മത്സരം രാത്രി 8-ന്.**

   **Oman has a target of 173 runs to win against UAE in the Asia Cup cricket. Sri Lanka-Hong Kong match at 8 pm.**

☸☸☸☸☸☸☸☸☸☸☸☸☸

## SC – WAQF ORDER

2025 ലെ വഖഫ് ഭേദഗതി നിയമത്തിലെ ചില വ്യവസ്ഥകൾ സ്റ്റേ ചെയ്ത് സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് ബി.ആർ.ഗവായ്, ജസ്റ്റിസ് അഗസ്റ്റിൻ ജോർജ്ജ് മാസിഹ് എന്നിവർ ഉൾപ്പെട്ട ബെഞ്ചാണ് ഹർജി പരിഗണിച്ചത്. അഞ്ച് വർഷത്തോളം ഇസ്‌ലാം മതവിശ്വാസം പിന്തുടരുന്നവർക്ക് മാത്രമേ വഖഫ് നൽകാൻ കഴിയൂ എന്ന നിയമത്തിലെ വ്യവസ്ഥ സംസ്ഥാന സർക്കാരുകൾ ചട്ടങ്ങൾ രൂപീകരിക്കുന്നത് വരെ പരമോന്നത കോടതി സ്റ്റേ ചെയ്തു. സർക്കാർ ഭൂമി കൈയേറി വഖഫിലേക്ക് മാറ്റിയിട്ടുണ്ടോ എന്ന തർക്കം തീർപ്പാക്കാൻ സർക്കാരിൻറെ നിയുക്ത ഉദ്യോഗസ്ഥനെ അനുവദിക്കുന്ന വ്യവസ്ഥയും സ്റ്റേ ചെയ്തിട്ടുണ്ട്. എന്നാൽ വഖഫ് ബോർഡുകളിൽ അമുസ്ലിം അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാൻ അനുവദിക്കുന്ന വ്യവസ്ഥ കോടതി സ്റ്റേ ചെയ്തിട്ടില്ല.

☸☸☸☸☸☸☸☸☸☸☸☸☸

## PM – INDIAN CITIES

ഇന്ത്യൻ നഗരങ്ങൾ വളർച്ചയുടെ എഞ്ചിനുകളായി മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കേന്ദ്രമന്ത്രി ഹർദീപ്

സിംഗ് പുരിയുടെ ലേഖനത്തിന് മറുപടിയായി സമൂഹമാധ്യമത്തിലാണ് ശ്രീ മോദി ഇക്കാര്യം പറഞ്ഞത്. സർക്കാരിന്റെ കഠിനമായ പരിശ്രമങ്ങൾ വൃത്തിയുള്ള തെരുവുകൾ, മികച്ച ഭവനങ്ങൾ, വേഗതയേറിയ മെട്രോകൾ, ഹരിത നഗരങ്ങൾ എന്നിവയ്ക്ക് വഴിയൊരുക്കുന്നുണ്ടെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ദേശീയ വികസനത്തിനായി നഗരങ്ങളെ വളർച്ചയുടെ എഞ്ചിനുകളായും അഭിമാനത്തിന്റെ പ്രതീകങ്ങളായും കണക്കാക്കുന്നതിനെക്കുറിച്ച് ലേഖനത്തിൽ പറയുന്നു.

## PM PUBLIC MEET

സർക്കാർ ജി എസ് ടി നിരക്ക് ഗണ്യമായി കുറച്ചതോടെ നിത്യോപയോഗ സാധനങ്ങളുടെ വില കുറയുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബീഹാറിലെ പൂർണിയയിലെ ഷീഷാ ബാദി മൈതാനത്ത് പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ബീഹാർ, പശ്ചിമ ബംഗാൾ, അസം എന്നീ മേഖലകളെ നുഴഞ്ഞുകയറ്റക്കാരിൽ നിന്ന് മോചിപ്പിക്കാൻ എൻഡിഎ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ശ്രീ മോദി പറഞ്ഞു. - പൂർണിയ ജില്ലയിൽ 40,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു. കർഷകർക്ക് ഏറെ പ്രയോജനം ചെയ്യുന്ന ദേശീയ മഖാന ബോർഡിൻറെ ഉദ്ഘാടനവും ശ്രീ മോദി ഇന്ന് ബിഹാറിൽ നിർവഹിച്ചു.

## PM-KOLKATA VISIT

കംബൈൻഡ് കമാൻഡേഴ്സ് കോൺഫറൻസ് പ്രധാനമന്ത്രി നരേന്ദ്രമോദി കൊൽക്കത്തയിൽ ഉദ്ഘാടനം ചെയ്തു. ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിനും, രാഷ്ട്രനിർമ്മാണത്തിലും സായുധ സേന വഹിച്ച പങ്കിനെ പ്രധാനമന്ത്രി ചടങ്ങിൽ പ്രശംസിച്ചു. കരസേനയുടെ ഈസ്റ്റേൺ കമാൻഡ് ആസ്ഥാനമായ വിജയ് ദുർഗിലാണ് മൂന്നു ദിവസത്തെ സമ്മേളനം നടക്കുന്നത്. വിവിധ സായുധ സേനാ വിഭാഗങ്ങൾക്കിടയിലെ ഏകോപനം, സാങ്കേതിക

പുരോഗതി, ആധുനികവൽക്കരണം, എന്നിവ സംബന്ധിച്ച ചർച്ചകൾ ഇതിൻറെ ഭാഗമായി നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## SITHARAMAN-AI (INTRO)

വികസനത്തെ പിന്തുണയ്ക്കുന്നതിന് രാജ്യത്തെ എല്ലാ ജില്ലകളിലും എഐ അധിഷ്ഠിത സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണമെന്ന് കേന്ദ്രമന്ത്രി നിർമ്മലാ സീതാരാമൻ. നിർമ്മിതബുദ്ധിയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്കൊപ്പം നിയന്ത്രണങ്ങളും അനിവാര്യമാണെന്ന് അവർ പറഞ്ഞു. വികസിത ഭാരതത്തിനായുള്ള എഐ പദ്ധതിയെയും ഫ്രോണ്ടിയർ ടെക് റിപ്പോസിറ്ററിയെയും കുറിച്ചുള്ള നിതി ആയോഗിന്റെ റിപ്പോർട്ട് ന്യൂഡൽഹിയിൽ പുറത്തിറക്കുകയായിരുന്നു കേന്ദ്രമന്ത്രി. നിർമ്മിത ബുദ്ധിയുടെ ഉപയോഗത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും ശ്രീമതി നിർമ്മലാ സീതാരാമൻ നിർദേശം നൽകി. (ഹോൾഡ് വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## SHAH - NAXAL OPERATION

ഇന്ത്യ ഉടൻ നക്സലിസത്തിൽ നിന്ന് മുക്തിനേടുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. വടക്കൻ ഝാർഖണ്ഡിലെ ബൊക്കാറോ മേഖലയിൽ നിന്ന് നക്സലിസം പൂർണ്ണമായും ഇല്ലായ്മ ചെയ്യപ്പെട്ടതായി അദ്ദേഹം പറഞ്ഞു. ഒരു കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്ന കുപ്രസിദ്ധ നക്സൽ കമാൻഡർ സഹ്ദേവ് സോറൻ ഉൾപ്പെടയുള്ള നക്സലുകളെ സുരക്ഷാസേന വധിച്ചതായി ശ്രീ അമിത് ഷാ സമൂഹമാധ്യമത്തിൽ കുറിച്ചു. ഹസാരിബാഗിലെ നക്സൽ വിരുദ്ധ പ്രവർത്തനങ്ങളിൽ സിആർപിഎഫിനെയും പൊലീസിനെയും കേന്ദ്രമന്ത്രി അഭിനന്ദിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## SWACHHATA HI SEVA

കേന്ദ്രസർക്കാരിന്റെ സ്വച്ഛതാ ഹി സേവ 2025 കാമ്പയിന് മറ്റന്നാൾ തുടക്കമാകും. ഈ വർഷത്തെ കാമ്പയിൻ സ്വച്ഛോത്സവ് - ശുചിത്വത്തിന്റെ ഉത്സവം ആയി ആഘോഷിക്കും. കേന്ദ്ര മന്ത്രിമാരായ മനോഹർ ലാലും സിആർ പാട്ടീലും ന്യൂഡൽഹിയിൽ സംയുക്തമായി നടത്തിയ വാർത്താസമ്മേളനത്തിലാണ് ഇക്കാര്യം

പ്രഖ്യാപിച്ചത്. ക്യാമ്പയിനോടനുബന്ധിച്ച് ശുചിത്വ പരിപാടികൾ, തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളുടെ സൗന്ദര്യവത്കരണം തുടങ്ങിയവ സംഘടിപ്പിക്കുമെന്ന് ശ്രീ മനോഹർലാൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## GOYAL – IEC

ഇന്ത്യ പോലുള്ള വികസ്വര രാജ്യത്തിന് ഉൽപ്പന്ന നിർമ്മാണത്തിൽ ഉയർന്ന നിലവാരം നിലനിർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് കേന്ദ്ര വാണിജ്യ മന്ത്രി പീയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ ഇന്റർനാഷണൽ ഇലക്ട്രോ-ടെക്നിക്കൽ കമ്മീഷൻ - ഐഇസിയുടെ 89-ാമത് പൊതുയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഉയർന്ന നിലവാരം പാലിക്കുന്നത് ചെലവ് വർദ്ധിപ്പിക്കുന്നില്ല. മറിച്ച് പുനരുപയോഗക്ഷമത പ്രോത്സാഹിപ്പിക്കുകയും പാഴാക്കൽ കുറയ്ക്കുകയും സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നതിലൂടെ ചെലവ് കുറയുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## KERALA ASSEMBLY

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് തുടക്കമായി. മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, മുൻ സ്പീക്കർ പി പി തങ്കച്ചൻ, വാഴൂർ സോമൻ എംഎൽഎ എന്നിവർക്ക് സഭ ചരമോപചാരം അർപ്പിച്ചു. സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, കക്ഷിനേതാക്കൾ തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. ചരമോപചാരത്തിന് ശേഷം ഇന്നത്തേക്ക് പിരിഞ്ഞ സഭ നാളെ രാവിലെ ഒൻപതു മണിക്ക് വീണ്ടും ചേരും.

❁❁❁❁❁❁❁❁❁❁❁❁❁

## ITR FILING–FAKE

ആദായനികുതി റിട്ടേണുകൾ ഫയൽ ചെയ്യാനുള്ള സമയപരിധി ഈ മാസം 30 വരെ നീട്ടിയതായി സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന വാർത്തകൾ വ്യാജമെന്ന് ആദായ നികുതി വകുപ്പ്. റിട്ടേണുകൾ സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. തീയതി നീട്ടിയെന്ന വ്യാജ പ്രചാരണങ്ങൾ വിശ്വസിക്കരുതെന്നും,

വിവരങ്ങൾക്ക് ഔദ്യോഗിക പേജുകളെ മാത്രം ആശ്രയിക്കണമെന്നും ആദായ നികുതി വകുപ്പ് നിർദേശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## REV UPI-LIMIT

വ്യാപാര സംബന്ധമായ യുപിഐ പണമിടപാടുകളുടെ പ്രതിദിന പരിധി വർദ്ധിപ്പിച്ച് നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ. തിരഞ്ഞെടുത്ത വിഭാഗങ്ങളിലെ പേർസൺ ടു മർച്ചന്റ് പണമിടപാടുകളുടെ പരിധി 10 ലക്ഷം രൂപയായാണ് ഇന്നു മുതൽ വർദ്ധിപ്പിച്ചത്. വ്യക്തിഗത പണമിടപാടുകളുടെ പരിധി ഒരു ലക്ഷം രൂപയായി തുടരും.

❁❁❁❁❁❁❁❁❁❁❁❁❁

## SEVA PARV (INTRO)

പൊതുസേവനവും സദ്ഭരണവും ലക്ഷ്യംവച്ചുള്ള പരിശ്രമമാണ് കഴിഞ്ഞ 11 വർഷമായി നടത്തിവരുന്നതെന്ന് കേന്ദ്ര സർക്കാർ. ഈ പരിശ്രമങ്ങളുടെ ഭാഗമായി രാജ്യം മികച്ച പുരോഗതിയാണ് കൈവരിച്ചത്. മോദി സർക്കാരിന്റെ ഇടപെടൽ നമ്മുടെ പരിസ്ഥിതിയെയും ജൈവവൈവിധ്യത്തെയും എങ്ങനെ മാറ്റിമറിച്ചു എന്നാണ് ഇന്നത്തെ സേവാ പർവിലൂടെ വിശദമാക്കുന്നത്.

(ഹോൾഡ് - മ്യൂസിക്)

പ്രോജക്റ്റ് ടൈഗർ, പ്രോജക്റ്റ് ലയൺ, പ്രോജക്റ്റ് ചീറ്റ എന്നിവയിലൂടെ രാജ്യത്തെ ആവാസ വ്യവസ്ഥകളെ ശക്തിപ്പെടുത്തുകയും ഒരിക്കൽ നഷ്ടപ്പെട്ടുവെന്ന് കരുതിയിരുന്ന ജീവിവർഗങ്ങളെ പുനഃസ്ഥാപിക്കുകയും ചെയ്തു.

(പി എം- വോയിസ്)

'ഏക് പേട് മാ കേ നാം' ക്യാമ്പെയ്നിലൂടെ 142 കോടിയിലധികം മരങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഒപ്പം വനവിസ്തൃതി ക്രമാനുഗതമായി വികസിച്ചു.

(ഹോൾഡ് - മ്യൂസിക്)

❁❁❁❁❁❁❁❁❁❁❁❁❁

## GST REFORMS-5 PERCENT SECTORS

ഈ മാസം 3-ന് ജിഎസ്ടി കൗൺസിൽ പ്രഖ്യാപിച്ച ജിഎസ്ടി പരിഷ്കാരങ്ങൾ സാധാരണക്കാർക്ക് വലിയ ആശ്വാസമാകുമെന്ന്

കേന്ദ്രസർക്കാർ. 2500 രൂപയിൽ കൂടാത്ത വിൽപ്പന മൂല്യമുള്ള പാദരക്ഷകളുടെ ജിഎസ്ടി, 12 ൽ നിന്ന് 5 ശതമാനമായാണ് കുറച്ചിരിക്കുന്നത്. മരം, കല്ല്, ലോഹങ്ങൾ എന്നിവകൊണ്ട് നിർമ്മിച്ച വിഗ്രഹങ്ങളുടെ നികുതി നിരക്ക് 5 ശതമാനമായി കുറച്ചു. ഗ്ലാസ് പ്രതിമകൾ, ഇരുമ്പ്, അലുമിനിയം, പിച്ചള, ചെമ്പ് എന്നിവകൊണ്ടുള്ള കലാസൃഷ്ടികൾക്കും സമാനമായ കുറവ് വരുത്തിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## ASIA CUP CRICKET

ഏഷ്യാ കപ്പ് ക്രിക്കറ്റിൽ യുഎഇക്ക് എതിരെ ഒമാന് 173 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത യുഎഇ 20 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 172 റൺസ് എടുത്തു. ഇന്നത്തെ രണ്ടാം മത്സരത്തിൽ ഹോങ്കോങ്ങിനെതിരെ ടോസ് നേടിയ ശ്രീലങ്ക ഫീൽഡിംഗ് തെരഞ്ഞെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## WOMENS SPECIAL CLINIC

രാജ്യത്ത് ആദ്യമായി എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും സ്ത്രീ പ്രത്യേക ക്ലിനിക്കുകൾ ആരംഭിക്കാനൊരുങ്ങി കേരളം. ക്ലിനിക്കുകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പള്ളിത്തുറ ജനകീയ ആരോഗ്യ കേന്ദ്രത്തിൽ നാളെ മന്ത്രി വീണാ ജോർജ് നിർവഹിക്കും. സംസ്ഥാനത്തെ 5,415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും സേവനം ലഭ്യമാകും. എല്ലാ ചൊവ്വാഴ്ചയും പ്രവർത്തിക്കുന്ന ക്ലിനിക്കിലൂടെ വിളർച്ച, രക്താതിമർദ്ദം, പ്രമേഹം, കാൻസർ സ്ക്രീനിങ്ങ്, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്താനുള്ള പരിശോധനകൾ എന്നിവ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## ELECTION OFFICER

കേരളത്തിൽ വോട്ടർമാരുടെ ബോധവൽക്കരണവും പങ്കാളിത്തവും ലക്ഷ്യമിട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രണ്ട് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചു. വോട്ടർ സാക്ഷരതാ ക്ലബ്ബുകളെ സജീവമാക്കാനായി

“സ്റ്റേ റെഡി, SIR ഈസ് കമ്മിംഗ്” കാമ്പയിനാണ് ആദ്യത്തേത്. “CEO @ Unnathi” ആണ് രണ്ടാമത്തെ പദ്ധതി. ഈ പരിപാടികൾക്ക് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ നാളെ അട്ടപ്പാടിയിൽ തുടക്കമിടും.